കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-ആസ്തിവികസനം-തിരുവല്ല നിയോജകമണ്ഡലം-മല്ലപ്പള്ളി പ്രൈവറ്റ് ബസ് സ്റ്റാന്റിന് ശൗചാലയം നിർമ്മാണം -ഭരണാനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1655/19/തസ്വഭവ തിരുവനന്തപുരം, തീയതി :02.08.2019

---

പരാമർശം- 1. 11/06/2012 ലെ സർക്കാർ ഉത്തരവ് (അച്ചടി) 332/12/ധന.

2. ബഹു.തിരുവല്ല നിയോജകമണ്ഡലം എം.എൽ.എ യുടെ 21/012/2017 ലെ കത്ത്

3. കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 21.02.2018 ലെ KMSM/F06/18 നമ്പർ കത്ത്

## ഉത്തരവ്

തിരുവല്ല നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന മാത്യു ടി തോമസ് എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും മല്ലപ്പള്ളി പ്രൈവറ്റ് ബസ് സ്റ്റാന്റിന് ശൗചാലയം നിർമ്മാണം എന്ന പ്രവൃത്തി കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്(കെൽ) നെ നിർവ്വഹഎണ ഏജൻസിയാക്കിക്കൊണ്ട് 115 ലക്ഷം രൂപയുടെ (നൂറ്റിപതിനഞ്ച് ലക്ഷം രൂപ മാത്രം) ഭരണാനുമതി അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ബഹു. എം.എൽ.എ സർക്കാരിനോടഭ്യർത്ഥിക്കുകയും ടി പ്രവൃത്തിയ്ക്ക് 1,14,99,798/- രൂപയുടെ എസ്റ്റിമേറ്റും അനുബന്ധ രേഖകളും കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്(കെൽ) പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവല്ല നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന മാത്യു ടി തോമസ് എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും മല്ലപ്പള്ളി പ്രൈവറ്റ് ബസ് സ്റ്റാന്റിന് ശൗചാലയം നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് ആകെ അടങ്കൽ തുകയായ 1,14,99,798/-രൂപ വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും പരാമർശം (1) ലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ടും കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്(കെൽ) എന്ന സ്ഥാപനത്തെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തികൊണ്ടും ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

3)ആയത് സംബന്ധിച്ച് ചെലവ് '4515-00-800-96-പ്രോജക്ട്സ്അണ്ടർ എൽ.എ.സി.എ.ഡി. എസ്'എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ
ഗവ.ജോയിന്റ് സെക്രട്ടറി

ശ്രീ.മാത്യു . ടി തോമസ് എം.എൽ.(ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സെക്രട്ടറി പത്തനംതിട്ട മുനിസിപ്പാലിറ്റി
ധനകാര്യ വകുപ്പ് (No.902/NC-B2/8/2017/Fin )
ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/195/2018/ത.സ്വ.ഭ.വ)
കരുതൽഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ